**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5200** **12-08-2021 - ൽ മറുപടിയ്ക്ക്**

**സാങ്കേതിക വിഭാഗം ജീവനക്കാരുടെ നാമകരണത്തിൽ മാറ്റം വരുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പതിനൊന്നാം ശമ്പളക്കമ്മീഷൻ റിപ്പോർട്ടിൽ പി. ഡബ്ല്യൂ.ഡി., ഇറിഗേഷൻ, പഞ്ചായത്ത് മുതലായ വകുപ്പുകളിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ നാമകരണത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | a)പി.ഡബ്ല്യൂ .ഡി വകുപ്പിലെ Overseer Gr I/Draftsman Gr I, Overseer Gr II/ Draftsman Gr II, Overseer Gr III/Tracer എന്നീ തസ്തികകൾ യഥാക്രമം Sub Engineer, OverseerGrI /Draftsman Gr I,Overseer Gr II/ Tracer ആയും, Engineering Assistant(Electronics) എന്ന തസ്തിക Sub Engineer (Electronics)ആയും പുന: നാമകരണം ചെയ്യാൻ പതിനൊന്നാം ശമ്പള കമ്മീഷൻ റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ട്. (b)Irrigation വകുപ്പിലെ Dr edger cleaner എന്ന തസ്തിക Dredging Assistant ആയും, Draftsman Gr I/Overseer Gr I, Draftsman Gr II/Overseer Gr II, Draftsman Gr III /Overseer Gr III എന്നീ തസ്തികകൾ യഥാക്രമം Sub Engineer, Draftsman Gr I /OverseerGrI , Draftsman Gr II /Overseer Gr II ആയും പുന: നാമകരണം ചെയ്യാൻ പതിനൊന്നാം ശമ്പള കമ്മീഷൻറിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ട്. (c)Local Self Government Engineering വകുപ്പിലെ Overseer Gr I/Draftsman Gr I, Overseer Gr II/ Draftsman Gr II, Overseer Gr III എന്നീ തസ്തികകൾ യഥാക്രമം Sub Engineer, OverseerGrI /Draftsman Gr I,Overseer Gr II/ Draftsman Gr II ആയും പുന: നാമകരണം ചെയ്യാൻ പതിനൊന്നാം ശമ്പള കമ്മീഷൻ റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ട്.എന്നാൽ പതിനൊന്നാം ശമ്പള കമ്മീഷൽ ശിപാർശ ചെയ്ത മേല്പറഞ്ഞ തസ്തികകളുടെ പുന: നാമകരണം നടപ്പിൽ വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല |
| (ബി) | പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിലെ സമാനയോഗ്യതയും ശമ്പളവുമുള്ള സാങ്കേതിക വിഭാഗം ജീവനക്കാരുടെയും നാമകരണത്തിലും മാറ്റം വരുത്തുമോയെന്ന കാര്യം വ്യക്തമാക്കുമോ; | (ബി) | (ബി)പതിനൊന്നാം ശമ്പള കമ്മീഷൻ റിപ്പോർട്ടിൽ പി.ഡബ്ല്യൂ.ഡി ഇറിഗേഷൻ പഞ്ചായത്ത് മുതലായ വകുപ്പുകളിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ പുന: നാമകരണം ശുപാർശ ചെയ്തിരുന്നെങ്കിലും ആയതു നടപ്പിൽ വരുത്തി സർക്കാർ ഉത്തരവ് |

| | | | |
|---|---|---|---|
| | | | പുറപ്പെടുവിച്ചിട്ടില്ല.ആയതിനാൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടേയും നാമകരണത്തിലും മാറ്റം വരുത്തുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിലെ പോലെ സമാന പ്രവൃത്തികൾ ചെയ്യുന്ന ഇറിഗേഷൻ, പഞ്ചായത്ത് വകുപ്പുകളിൽ അളവുകൾ എം-ബുക്കിൽ രേഖപ്പെടുത്തുന്ന സാങ്കേതിക വിഭാഗം ജീവനക്കാരുടെ തസ്തികയുടെ പേരും അവരുടെ അടിസ്ഥാന സാങ്കേതികയോഗ്യതകളും വിശദമാക്കുമോ? | (സി) | തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ അളവുകൾ മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തുന്നത് അസിസ്റ്റന്റ് എഞ്ചിനീയർ ആണ്. പി.എസ്.സി മുഖേന അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാരുടെ അടിസ്ഥാന യോഗ്യത ബി.ടെക് സിവിൽ എഞ്ചിനീയറിംഗും പ്രൊമോഷൻ മുഖേന അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാരുടെ അടിസ്ഥാന യോഗ്യത ഐ.ടി.ഐ സർട്ടിഫിക്കറ്റ് (സിവിൽ)/പോളിടെക്നിക് ഡിപ്ലോമ (സിവിൽ)-യും ആണ്.ജലസേചന വകുപ്പിലെ പ്രവൃത്തികളുടെ അളവുകൾ എം. ബുക്കിൽ രേഖപ്പെടുത്തുന്ന സാങ്കേതിക വിഭാഗം ജീവനക്കാരുടെ തസ്തികയുടെ പേര് അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) എന്നും അവരുടെ അടിസ്ഥാന സാങ്കേതിക യോഗ്യത Degree B.Tech (Civil)ആണ്. |

സെക്ഷൻ ഓഫീസർ